**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6178** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ മേഖലയിലെ ജല വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ജല വൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തു നിലവിൽ KSEBL-മായി പവർ പർച്ചേസ് എഗ്രീമെൻറ് വെച്ചിട്ടുള്ള 7 സ്വകാര്യ ജല വൈദ്യുതി നിലയങ്ങൾ ആണ് ഉള്ളത്. ഇവയിൽ നിന്നെല്ലാം കൂടി പ്രതിദിനം 45.5 മെഗാവാട്ട് വൈദ്യുതിക്കാണ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കൂടാതെ മണിയാർ (12MW), കുത്തുങ്കൽ (21MW) എന്നീ സ്വകാര്യ ക്യാപ്റ്റീവ് ജല വൈദ്യുതി നിലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശം **അനുബന്ധം 1-ൽ** നൽകിയിട്ടുണ്ട് |
| (ബി) | സ്വകാര്യ മേഖലയിൽ പുതുതായി പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; വിശദമാക്കാമോ; | (ബി) | ഉണ്ട്. അനുമതി നൽകുവാൻ കഴിയുന്ന ഒരു അപേക്ഷ പരിഗണനയിലുണ്ട്.<br><br>സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തു ന്നതിനും ഉതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകരെ ആകർഷിക്കാൻ ഉതകുന്ന പ്ലാന്റ് ലോഡ് ഫാക്ടർ (PLF) കൂടിയ ജലവൈദ്യുത പദ്ധതികളുടെ ഡി പി ആറുകൾ തയ്യാറാക്കി സ്വകാര്യ വ്യക്തികളെ ആകർഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ നടന്ന് കൊണ്ടിരിക്കുകയാണ്. |
| (സി) | സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ആരാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫിൽ KSEBL-മായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി KSEBL വാങ്ങി കേരളത്തിലെ ഉപഭോക്താക്കൾക്കു വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) | സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുന്നുണ്ടോയെന്നും എങ്കിൽ എന്ത് നിരക്കിലാണ് വാങ്ങുന്നതെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. KSERC അംഗീകരിച്ച താരിഫിൽ സ്വകാര്യ ജല വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്ന നിരക്കിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്. |

| **നമ്പർ** | **ഊർജ്ജോത്പാദന നിലയങ്ങൾ** | **ശേഷി മെഗാവാട്ടിൽ MW** | **പവർ പർച്ചെയ്സ് നിരക്ക് Rs/Kwh** |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Ullunkal (EDCL) | 7 | 2.44 |
| 2 | Iruttukanam-I | 3 | 2.07 |
| 3 | Iruttukanam Stage-II | 1.5 | 2.07 |
| 4 | Karikkayam (AHPL) | 15 | 4.16 |
| 5 | Meenvallom (PSHCL) | 3 | 4.88 |
| 6 | Pathamkayam (MREPPL) | 8 | 3.49<br>(ഇടക്കാല താരിഫ്) |
| 7 | Anakampoyil | 8 | 4.0<br>(ഇടക്കാല താരിഫ്) |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| നം | പ്രോജക്റ്റ് | സംരംഭകർ | സ്ഥാപിത വർഷം | വൈദ്യുതി ഉത്പാദന ശേഷി (MW) |
|---|---|---|---|---|
| 1 | ഇരുട്ടുകാനം | വിയാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് | 2010 | 4.5 |
| 2 | മീൻവല്ലം | പാലക്കാട് ജില്ലാ പഞ്ചായത്ത് | 2015 | 3 |
| 3 | ഉള്ളുങ്കൽ | ഇ ഡി സി എൽ പവർ പ്രോജക്ട്സ് ലിമിറ്റഡ് | 2015 | 7 |
| 4 | കാരിക്കയം | അയ്യപ്പ ഹൈഡ്രോ പവർ ലിമിറ്റഡ് | 2017 | 15 |
| 5 | പാതംകയം | മിനാർ അല്ലോയ്സ് & ഫോർജിങ് പ്രൈവറ്റ് ലിമിറ്റഡ് | 2017 | 8 |
| 6 | ആനക്കാം പൊയിൽ | ആനക്കാംപൊയിൽ പവർ പ്രൈവറ്റ് ലിമിറ്റഡ് | 2021 | 8 |
| 7 | അരിപ്പാറ | സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2021 | 4.5 |

സെക്ഷൻ ഓഫീസർ